# ചില ഫേസ്ബുക് കുറിപ്പുകൾ

സി. വി. രാധാകൃഷ്ണൻ

2016 നവംബർ 29

മാർക്കപ്പിൽ അധിഷ്ഠിതമായ ടെക്സ്റ്റ് ഫോർമറ്റിംഗ് രീതികൾ കമ്പ്യൂട്ടറിന്റെ ആവിർഭാവ കാലം തൊട്ട് നിലവിലുള്ളതാണ്. പിന്നീട് മേൽക്കൈ നേടിയ സ്ക്രീനിലധിഷ്ഠിതമായ രീതികൾ മാർക്കപ് സമ്പ്രദായങ്ങളെ പാടെ ഇല്ലാതാക്കിയെങ്കിലും ഇന്റർനെറ്റിന്റെ പ്രചാരത്തോടെ, ശേഖരിച്ച വിവരങ്ങൾ നീണ്ട കാലം സംരക്ഷിക്കേണ്ട പുതിയ മാർഗ്ഗങ്ങൾ തേടേണ്ടി വന്നപ്പോൾ നഷ്ടപ്രായമായി വന്ന മാർക്കപ് സമ്പ്രദായങ്ങൾക്ക് വീണ്ടും ജീവൻ വെച്ചു. ഇവിടെ, നമ്മുടെ നാട്ടിൽ, ഇതിന്റെ വിജയത്തെ നിർണ്ണയിക്കുന്നത് ഉപയോക്താക്കളുടെ സ്വീകാര്യതയുടെ വലിപ്പമാണ്. കാലങ്ങളായി തുടർന്ന പോകുന്ന ശീലങ്ങൾ മാറ്റിയെടുക്കാൻ നമുക്കേവർക്കും വൈമുഖ്യമുണ്ട്. പേജ്മേക്കർ പോലുള്ള സ്ക്രീനിലധിഷ്ഠിതമായ സോഫ്റ്റ്‌വെയറും, ടെക്സ്റ്റിലേയ്ക്ക് നേരിട്ട് ഫോർമറ്റിംഗ് നിർദ്ദേശങ്ങൾ എഴുതിച്ചേർക്കുന്ന രീതി അവലംബിച്ചിട്ടുള്ള ടെക് പോലുള്ള മാർക്കപ് സമ്പ്രദായങ്ങളും പ്രമാണങ്ങളെ സമീപിക്കുന്നത് വളരെ വ്യത്യസ്ഥമായ ദിശകളിൽ നിന്നാണ്. ഈ വൈരുദ്ധ്യമാണ് ടെക്കിന്റെ വ്യാപനത്തിനും സ്വീകാര്യതയ്ക്കും ഏറ്റവും വലിയ വിലങ്ങുതടിയായി മാറുന്നതും.

ഇപ്പോഴുള്ള സംപ്രദായങ്ങൾ കാലഹരണപ്പെട്ടു കഴിഞ്ഞു. പകരം വന്നവ നീണ്ടകാലശേഖരണ സാദ്ധ്യതയ്ക്ക് മുൻഗണനന നൽകാത്തതാണ്, സാമ്പത്തിക ബാദ്ധ്യത കൂടിയതാണ്, സർവോപരി സ്വതന്ത്രമല്ലാത്തതാണ്. സ്വകാര്യകമ്പനികളുടെ രഹസ്യമായി സൂക്ഷിക്കപ്പെടുന്ന, സമൂഹത്തിന് അനഭിഗമ്യമായ ഫോർമറ്റുകളിൽ ഉപയോക്താവിന്റെ ഡാറ്റ ക്രമീകരിക്കുവാൻ നിർബന്ധിക്കുന്നവയാണ്. ഇതു തന്നെയാണ് ഏറ്റവും വലിയ അപകടവും. ഹോർത്തൂസ് മലബാറിക്കസ് പോലുള്ള ഒരു ബൃഹൽഗ്രന്ഥത്തിന്റെ സ്രോതസ് കൈയിലുണ്ടായിട്ട്, അടുത്ത പതിപ്പിറക്കാനായി സ്രോതസ് തുറക്കാനാവാതെ വിഷമിക്കുന്ന ഒരവസ്ഥയെപ്പറ്റി ഈയിടെ കേൾക്കുകയുണ്ടായി.

പണ്ടുകാലത്ത് 'രായസം എഴുത്തുകാർ' എന്നൊരു വിഭാഗം കാലാകാലങ്ങളിൽ മനകളും തറവാടുകളും കൊട്ടാരങ്ങളും സന്ദർശിച്ച്, അവിടെ താമസിച്ച് താളിയോലകൾ മുഴുവൻ

പകർത്തി പുതിയ പതിപ്പുണ്ടാക്കിയിരുന്നു. ഇങ്ങനെയാണ് താളിയോലകളുടെ നീണ്ട ജീവിതം ഉറപ്പാക്കിയിരുന്നത്. പക്ഷെ ഇന്ന് സാങ്കേതികമുന്നേറ്റം ഉണ്ടായപ്പോൾ പ്രമാണങ്ങളുടെ നീണ്ടകാലജീവിതം നമ്മൾ മറക്കുകയും അന്നന്നേരത്തെ ആവശ്യത്തിൽ മാത്രം ശ്രദ്ധിക്കുകയും ചെയ്തു. സർക്കാരിന്റെ ഭരണനിർവ്വഹണവും നിയമനിർമ്മാണവും, സാമ്പത്തിക വിവരങ്ങളും പൗരന്മാരുടെ വിവരങ്ങളുമെല്ലാം തന്നെ ഇപ്പോൾ സൂക്ഷിക്കപ്പെടുന്നത് സ്വകാര്യ കമ്പനികളുടെ മുൻപ് സൂചിപ്പിച്ചതു പോലെയുള്ള, സമൂഹത്തിനു അറിയാൻ അവകാശമില്ലാത്ത ഫോർമറ്റുകളിലാണ്. ഈ അപകടം തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മറ്റ് വികസിതരാജ്യങ്ങൾ എന്നേ ഇതിനു പ്രതിവിധി കണ്ടുകഴിഞ്ഞിരിക്കുന്നു.

ഇവിടെയാണ് ടെക് പോലുള്ള സ്വതന്ത്ര മാർക്കപ് സമ്പ്രദായങ്ങളുടെ പ്രസക്തിയും പ്രയോജനവും. ആദ്യമുണ്ടാവുന്ന ചെറിയ ബുദ്ധിമുട്ടുകൾ കടന്നു കഴിഞ്ഞാൽ മറ്റേതൊരു രീതി പോലെ അനായാസേന കൈകാര്യം ചെയ്യാവുന്ന ഒരു ടൈപ്സെറ്റിംഗ് സിസ്റ്റം മാത്രമാണ് ടെക്. ഉപയോക്താക്കൾ അതിനെ യഥാവിധി സ്വീകരിക്കുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു.

## പകർപ്പവകാശം

പകർപ്പവകാശം സ്വയം സൂക്ഷിക്കണോ അതോ സ്വതന്ത്രമായി സമൂഹത്തിന് വിട്ടുകൊടുക്കണോ എന്നത് ഗ്രന്ഥകർത്താവിന്റെ തീരുമാനപ്രകാരമാണ്. ക്രിയേറ്റിവ് കോമൺസ് ലൈസിൻസിൽ വിവിധ തരം അനുമതിപത്രങ്ങളുണ്ട്. അതിൽ യുക്തമായത് സ്വയം തെരഞ്ഞെടുക്കാം. https://creativecommons.org സന്ദർശിക്കുക.

ടെക്കും സമാനമായ അല്ലെങ്കിൽ അനുബന്ധ സോഫ്റ്റ്‌വെയറുകളും പകർപ്പവകാശ സംരക്ഷണത്തിനോ നിഷേധത്തിനോ വേണ്ടിയുള്ളതല്ല. ഉപയോക്താവിന്റെ ഡാറ്റ മറ്റൊരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സഹായമോ ആശ്രയത്വമോ കൂടാതെ ഫോർമറ്റ് ചെയ്യാനും ദീർഘകാലം സൂക്ഷിക്കാനും ഭാവിയിൽ കണ്ടുപിടിച്ചേക്കാവുന്ന സാങ്കേതികതകൾക്ക് അനുസൃതമായ നൂതന ഉപകരണങ്ങളിൽപ്പോലും ഉപയോഗക്ഷമമായ രീതിയിൽ പ്രയോഗിക്കുവാനും സജ്ജമാക്കുക എന്നതത്രേ ടെക്കിന്റെ ലക്ഷ്യം. ടെക് ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയതുകൊണ്ട് അതുപയോഗിച്ച് നിർമ്മിച്ച ഒരു കൃതിയുടെ വിവിധ രൂപങ്ങൾ സ്വതന്ത്രമായി നൽകണമെന്ന് ടെക് ഒരിക്കലും നിഷ്കർഷിക്കുന്നില്ല. അത് ഗ്രന്ഥകാരന്റെ മാത്രം വിശേഷാവകാശ പരിധിയിൽപെടുന്നതാണ്.

പക്ഷെ സായാഹ്നയും അതിന്റെ പ്രവർത്തകരും സ്വതന്ത്ര സോഫ്റ്റ്‌വെയറിലും സ്വതന്ത്രപ്രകാശനത്തിലും വിശ്വസിക്കുന്നവരും അതിന്റെ പ്രയോക്താക്കളും ആയതുകൊണ്ട് വായനക്കാർക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്ന പ്രകാശന സംരംഭങ്ങളോട് വളരെയധികം അകൽച്ച പുലർത്താറുണ്ട്. അതിനോട് സന്ധിയില്ല തന്നെ.

## ചില പ്രതികരണങ്ങൾ

**കെ. പി. സത്യൻ** ഈ വിശദീകരണം കൃത്യവും തൃപ്തികരവുമാണ്. LaTeX-ന്റെ വ്യാപനത്തിന് സകല പിന്തുണയും നല്കുന്നു.

"രായസം എഴുത്തുകാരെ"ന്ന പദം എനിക്കപരിചിതമായിരുന്നു. താളിയോല പകർത്തുന്നവരെ കുറിച്ച് ധാരണയുണ്ടായിരുന്നു.

വിജ്ഞാനം സൂക്ഷിക്കുക മാത്രമല്ല പുതിയ സാങ്കേതിക വിദ്യകളുണ്ടാകുമ്പോൾ അതിനെ പുതിയതിലേക്ക് പകർത്തുകയെന്ന പ്രശ്നം കൂടി മുൻകൂട്ടി കാണുന്നതിലെ ദൂരക്കാഴ്ചയും സ്വാതന്ത്ര സോഫ്റ്റ് വേറുകളുടെ ബദൽ സാദ്ധ്യതയും കൂടുതൽ വ്യക്തത കൈവരിക്കുന്നുണ്ട്.

**കെ. ബാലചന്ദ്രൻ നായർ** "നാനം മോനം" (നമോത്തുതെ ചിനം/നമോസ്തുതേ ജിനം) എന്ന ജിനസ്തുതിയിൽ തുടങ്ങുന്ന ജൈനർ പ്രചാരത്തിൽ വരുത്തിയ ആദികേരള ലിപി മുതൽ Creative Commons വരെയുള്ള യാത്ര ആശ്ച്ചര്യജനകം. പുതു തലമുറയ്ക്ക് വ്യക്തമായി അറിയാത്ത ആ യാത്ര ചരിത്രബോധമില്ലാത്ത നാം രേഖപ്പെടുത്താൻ മെനക്കെട്ടിട്ടുമില്ല. കേരള സർവകലാശാലയിൽ അമർത്യ സെൻ നടത്തിയ കേരള വിദ്യാഭ്യാസത്തെ ക്കുറിച്ചുള്ള പ്രഭാഷണത്തിലാണ്, പുരാതന ജൈന, ബൌദ്ധ മതപ്രചാരകർ കേരളത്തിനു നൽകിയ വിദ്യാഭ്യാസ സംഭാവനകളെ കുറിച്ചുള്ള ഇരുളിൽ ആണ്ടിരുന്ന ചില ഏടുകൾ വെളിച്ചം കണ്ടത്. അത് കേട്ടിരിക്കവേ നമ്മുടെ ചരിത്ര ബോധമില്ലായ്മയെക്കുറിച്ച് ലജ്ജ തോന്നി. ... ഈ ദൌത്യത്തിന് ഹൃദയപൂർവ്വം ആശംസകൾ ...